"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കേരള പഞ്ചായത്ത് രാജ് ആക്ട് - തൃശ്ശൂർ ജില്ലയിലെ ചൂണ്ടൽ ഗ്രാമപഞ്ചായത്തിന്റെ 11-12-2024-ലെ 2, 30-12-2024-ലെ 10(1) എന്നീ തീരുമാനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഹു. ട്രൈബ്യൂണലിന് റഫർ ചെയ്ത് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ആർബി) വകുപ്പ്**

സ.ഉ.(സാധാ) നം.1459/2025/LSGD തീയതി, തിരുവനന്തപുരം, 13-06-2025

---

പരാമർശം:- 1. ചൂണ്ടൽ ഗ്രാമപഞ്ചായത്തിന്റെ 11-12-2024-ലെ തീരുമാനം നം. 2

2. ചൂണ്ടൽ ഗ്രാമപഞ്ചായത്തിന്റെ 30-12-2024 ലെ തീരുമാനം നം. 10 (1)

3. ചൂണ്ടൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 23-01-2025-ലെ SC1-7243/2024 നമ്പർ കത്ത്.

4 05-02-2025-ലെ RB2/54/2025-തസ്വഭവ നമ്പർ സർക്കാർ കത്ത്.

**<u>ഉത്തരവ്</u>**

ചൂണ്ടൽ ഗ്രാമപഞ്ചായത്തിൽ 17-ാം വാർഡിൽ ശ്രീ. വർഗ്ഗീസ്, ടിയാന്റെ ഭാര്യ ശ്രീമതി മാഗ്ഗി വർഗ്ഗീസ് എന്നിവർ ചൂണ്ടൽ വില്ലേജിലെ ബ്ലോക്ക് നമ്പർ 23-ൽ റീസർവ്വേ നം. 142/21-ൽ ഉൾപ്പെട്ട സ്ഥലത്ത് വീട് നിർമ്മിക്കുന്നതിന് ബിൽഡിംഗ് പെർമിറ്റ് ലഭിക്കുന്നതിനായി നൽകിയിരുന്ന അപേക്ഷ, ചൂണ്ടൽ കുന്നിലെ ക്വാറിയിംഗ് നിരോധിച്ചുകൊണ്ടുള്ള ബഹു. ഹൈക്കോടതിയുടെ 25.04.2009-ലെ WP(C) 34467/2007 നമ്പർ കേസിലെ വിധിന്യായം, ചൂണ്ടൽ കുന്ന് സംരക്ഷണ സമിതിയുടെ ബഹുജന പരാതി എന്നിവ ചൂണ്ടിക്കാട്ടി 12-05-2022-ൽ നിരസിച്ചതിനെതിരെ ശ്രീ. വർഗ്ഗീസ് ഫയൽ ചെയ്ത WP(C) 6818/2023 നമ്പർ കേസിലെ 26.11.2024-ലെ വിധിന്യായത്തിൽ ഹർജിക്കാരന്റെ ബിൽഡിംഗ് പെർമിറ്റിനുള്ള അപേക്ഷ 2019-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ഉത്തരവ് പുറപ്പെടുവിക്കാൻ ചൂണ്ടൽ പഞ്ചായത്തിനും പഞ്ചായത്ത് സെക്രട്ടറിക്കും നിർദ്ദേശം നൽകിയിരുന്നുവെന്നും തുടർന്ന് ഇക്കാര്യം പരിശോധിച്ച ചൂണ്ടൽ ഗ്രാമപഞ്ചായത്തിന്റെ 11.12.2024-ലെ അടിയന്തരയോഗത്തിൽ ബഹു. കോടതിവിധി മാനിക്കുന്നു എങ്കിലും ടി വിഷയത്തിൽ നിലവിലുള്ള ജനകീയസമിതി ഒരു ബഹുജന പരാതി സമർപ്പിച്ചിട്ടുണ്ട് എന്നതിനാലും ടി വിഷയം പരിസ്ഥിതി സംരക്ഷണവുമായി വളരെ ബന്ധപ്പെട്ടു കിടക്കുന്നതിനാലും വിധിയ്ക്കെതിരെ അപ്പീൽ നൽകുന്നതിന് പരാമർശം (1) പ്രകാരം തീരുമാനിച്ചിരുന്നുവെന്നും പ്രസ്തുത തീരുമാനത്തിന്മേൽ പഞ്ചായത്ത് സെക്രട്ടറി ഭിന്നാഭിപ്രായം രേഖപ്പെടുത്തുകയും ആയത് പുനരവലോകനം ചെയ്യുന്നതിന് ആവശ്യപ്പെടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 30.12.2024-ൽ നടന്ന പഞ്ചായത്ത് ഭരണസമിതി യോഗത്തിൽ ഇക്കാര്യം

പരിശോധിക്കുകയും മുൻതീരുമാനം പുനഃപരിശോധിക്കേണ്ടതില്ലെന്ന് പരാമർശം (2) പ്രകാരം ഐകകണ്ഠ്യേന തീരുമാനിക്കുകയും ബഹു. ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനമെടുക്കുകയും ചെയ്തിട്ടുള്ളതായി പരാമർശം (3) പ്രകാരം ചൂണ്ടൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിരുന്നു.

2) കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ സെക്ഷൻ 235എ പ്രകാരം കെട്ടിടനിർമ്മാണത്തിന് അനുമതി നൽകേണ്ടത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണെന്നും 2019-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ (KPBR 2019) ചട്ടം 4 പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിന് സെക്രട്ടറിയിൽ നിന്ന് അനുമതിപത്രം നേടേണ്ടതായിട്ടുണ്ടെന്നും ശ്രീ. വർഗ്ഗീസ്, ശ്രീമതി മാഗ്ഗി വർഗ്ഗീസ് എന്നിവർ നൽകിയിട്ടുള്ള അപേക്ഷ KPBR 2019-ലെ വ്യവസ്ഥകൾക്ക് വിധേയമാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ 05.04.2022-ന് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും പെർമിറ്റ് നിഷേധിച്ചതിനെതിരെ ശ്രീ. വർഗ്ഗീസ് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 6818/2023-ലെ വിധിയിൽ പെർമിറ്റ് നിഷേധിച്ച പഞ്ചായത്ത് നടപടി റദ്ദു ചെയ്യുകയും പെർമിറ്റ് നിഷേധിക്കുന്നതിന് കാരണമായി ചൂണ്ടിക്കാട്ടിയ WP(C) 34467/2007 നമ്പർ കേസിലെ വിധി ഈ പെർമിറ്റിന്റെ കാര്യത്തിൽ ബാധകമല്ലെന്ന് വ്യക്തമാക്കുകയും 2019-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരം പരിശോധിച്ച് പെർമിറ്റ് അനുവദിക്കുന്നതിന് ബഹു. ഹൈക്കോടതി ഉത്തരവായിട്ടുള്ളതുമാണെന്നും ടി ചട്ടങ്ങളുടെ ചട്ടം 14 പ്രകാരം ബിൽഡിംഗ് സൈറ്റ് അംഗീകരിക്കുന്നതിന് അല്ലെങ്കിൽ അംഗീകരിക്കാതിരിക്കുന്നതിന് അല്ലെങ്കിൽ പെർമിറ്റ് അനുവദിക്കുന്നതിന് അല്ലെങ്കിൽ നിരസിക്കുന്നതിന് കാലതാമസം വരുത്തുന്ന സാഹചര്യത്തിൽ മാത്രമേ ഭരണസമിതിയ്ക്ക് ഇടപെടാൻ സാധിക്കുകയുള്ളു എന്നും പരാമർശം (3) പ്രകാരം പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ചൂണ്ടൽ ഗ്രാമപഞ്ചായത്തിന്റെ പരാമർശം (1), (2) തീരുമാനങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ സെക്ഷൻ 182(iii) പ്രകാരം തീരുമാനത്തിനായി പരാമർശം (3) പ്രകാരം പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്നു.

3) ചൂണ്ടൽ ഗ്രാമപഞ്ചായത്തിന്റെ പരാമർശം (1), (2) തീരുമാനങ്ങൾ നടപ്പാക്കുന്നത് സർക്കാരിൽ നിന്ന് അറിയിപ്പ് ലഭിക്കുന്നതു വരെ മാറ്റി വയ്ക്കുന്നതിന് പരാമർശം (4) പ്രകാരം പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെട്ടിടനിർമ്മാണ പെർമിറ്റ് അനുവദിക്കുന്നത് പഞ്ചായത്ത് സെക്രട്ടറിയുടെ സ്വതന്ത്രവും പൂർണ്ണവുമായ ചുമതലയായതിനാൽ ചൂണ്ടൽ ഗ്രാമപഞ്ചായത്തിന്റെ 11-12-2024-ലെ 2, 30-12-2024-ലെ 10(1) എന്നീ നമ്പർ തീരുമാനങ്ങൾ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ സെക്ഷൻ 191(2) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഹു. ട്രൈബ്യൂണലിന് റഫർ ചെയ്തു ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYANTHI B S

ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ, കോർട്ട് കോംപ്ലക്സ്, വഞ്ചിയൂർ, തിരുവനന്തപുരം(പരാമർശിത പ്രമാണങ്ങൾ ഉൾപ്പെടെ ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തൃശ്ശൂർ

പ്രസിഡന്റ് ചൂണ്ടൽ ഗ്രാമ പഞ്ചായത്ത്, തൃശ്ശൂർ

സെക്രട്ടറി ചൂണ്ടൽ ഗ്രാമ പഞ്ചായത്ത്, തൃശ്ശൂർ

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (ഉത്തരവ് തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), വിവരപൊതുജനസമ്പർക്ക വകുപ്പ്

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Rajesh N
Date: 13-06-2025 12:52:22

സെക്ഷൻ ഓഫീസർ